# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1397 — 08.02.2013-ൽ മറുപടിയ്ക്ക്

## ഇ-ടെൻഡറിംഗ് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, ലൂഡി ലൂയിസ്<br>,, എം.പി.വിൻസെന്റ്<br>,, ആർ.സെൽവരാജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിൽ പ്രീ ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്കും 25 ലക്ഷം രൂപവരെയുള്ള എല്ലാ പ്രവൃത്തികൾക്കും ഇ-ടെൻഡറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ ഇപ്പോൾ വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം നിർബന്ധമാക്കാനുദ്ദേശിക്കുന്നത് എന്നു മുതലാണെന്ന് വിശദമാക്കുമോ ; | (ബി) 2013 ഫെബ്രുവരി 10 മുതൽ ഇതിന്റെ ഒന്നാം ഘട്ടം വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇ-ടെൻഡറിംഗ് നടപടികൾ കരാറുകാർക്കും മറ്റും പരിചയപ്പെടുത്തുന്നതിന് സംസ്ഥാനത്തുടനീളം ശില്പശാലകൾ സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ ; | (സി) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് ആരംഭിക്കുന്നതിന് മുന്നോടിയായി സർക്കിൾ ഓഫീസ് തലത്തിലെ ഉദ്യോഗസ്ഥർക്കുള്ള സോഫ്റ്റ്‌വെയർ പരിശീലനം 2012 ഫെബ്രുവരി മാസത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇ-ടെൻഡറിംഗ് നടപ്പിലാക്കുന്നതിനു മുന്നോടിയായി കരാറുകാർക്ക് പുതിയ സംവിധാനം പരിചയപ്പെടുത്തുന്നതിനുള്ള ശില്പശാല 2011 നവംബറിൽ തിരുവനന്തപുരത്തും ഫെബ്രുവരിയിൽ കാസർകോഡും നടത്തുകയുണ്ടായി. ഇതിനെതുടർന്ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കരാറുകാർക്ക് വിശദമായ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. കരാറുകാർക്ക് ഇ-ടെൻഡറിംഗിൽ വിദഗ്ധ പരിശീലനം നടത്തുന്നതിനായി തിരുവനന്തപുരത്ത് സ്റ്റാച്യുവിനടുത്ത് ഉപ്പളം റോഡിൽ ഒരു help desk centre പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ ഭാഗമായി (NEGP) എൻ.ഐ.സി യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ആണ്. |

സെക്ഷൻ ഓഫീസർ